**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2750** **22-01-2021 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ മേഖലയിലെ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ,<br>ശ്രീ. സി. കൃഷ്ണൻ,<br>ശ്രീ . പി . ഉണ്ണി ,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | a) ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവ് മൂലമുണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. b) അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി) പ്രസ്തുത പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. 1. ആട് വളർത്തൽ യൂണിറ്റുകൾ - വ്യാവസായിക അടിസ്ഥാനത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഒരു യൂണിറ്റിൽ ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 150 യൂണിറ്റുകൾ സ്ഥാപിക്കും. 2. മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി - മാംസാവശ്യത്തിനായി പോത്തുകുട്ടികളെ വളർത്തുന്ന സ്കീമാണിത്. ഒരു യൂണിറ്റിന് 10,000/- രൂപ ധനസഹായം ലഭിക്കും. 3. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി - മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾക്ക് പലിശ ഇനത്തിൽ 5,000/- രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനമൊട്ടാകെ ചുരുങ്ങിയത് 5000 പേർക്കെങ്കിലും പദ്ധതി കൊണ്ട് ആശ്വാസം ലഭിക്കും. |
| (ബി) | മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ധനസഹായം നൽകുന്നതിന് ഈ സർക്കാർ ഉപജീവന പിന്തുണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ (RKI) മൃഗസംരക്ഷണ മേഖലയിൽ കർഷകർക്ക് ജീവനോപാധികൾ നൽകുന്നതിനായി 77 കോടിയുടെ പദ്ധതിക്ക് മൃഗസംരക്ഷണ വകുപ്പിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം |

| | | | |
|---|---|---|---|
| | | | നടന്നുവരുകയാണ്. താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത് പശുവളർത്തൽ- 5000 ഗുണഭോക്താക്കൾ. ഒരാൾക്ക് 60,000/- രൂപയുടെ സഹായം (2 പശു വീതം). ആകെ 10,000 പശുക്കൾ കിടാരി വളർത്തൽ- 3500 ഗുണഭോക്താക്കൾ, ഒരാൾക്ക് 15,000/- രൂപയുടെ സഹായം. 3500 കിടാരികൾ (1 കിടാരി വീതം) തൊഴുത്ത് നിർമ്മാണം- 5000 ഗുണഭോക്താക്കൾ- ഒരാൾക്ക് 25000/- രൂപയുടെ സഹായം; 5000 തൊഴുത്തുകൾ. കാലിത്തീറ്റ സബ്സിഡി- 6650 ഗുണഭോക്താക്കൾ- ഒരാൾക്ക് 6000/- രൂപയുടെ സഹായം (50 കിലോ തീറ്റ ആറ് മാസത്തേക്ക്) കന്നുകാലി ഫാമുകളുടെ ആധുനികവത്കരണം-100 ഗുണഭോക്താക്കൾക്ക്- ഒരാൾക്ക് യന്ത്രവത്കരണത്തിന് 1 ലക്ഷം രൂപയുടെ സഹായം. തീറ്റപ്പുൽ ഉല്പാദനം പദ്ധതി- 3500 ഹെക്ടർ- ഹെക്ടർ ഒന്നിന് പരമാവധി 30,000/- രൂപ സഹായം. ആട് വളർത്തൽ പദ്ധതി- 1800 ഗുണഭോക്താക്കൾ- ഒരാൾക്ക് 25,000/- രൂപയുടെ സഹായം; ആകെ 10800 ആട്ടുകൾ ; ഒരു യൂണിറ്റിൽ 6 ആട്ടുകൾ. വീട്ടുവളപ്പിലെ കോഴി വളർത്തൽ പദ്ധതി- 25000 ഗുണഭോക്താക്കൾ. ഒരാൾക്ക് 500/- രൂപയുടെ സഹായം; ഒരാൾക്ക് 5 കോഴി വീതം; 1,25,000 കോഴി. പന്നി വളർത്തൽ പദ്ധതി- 200 ഗുണഭോക്താക്കൾ- ഒരാൾക്ക് 50,000/- രൂപ സഹായം, ഒരു യൂണിറ്റിൽ 10 പന്നികൾ, മൊത്തം 2000 പന്നികൾ. താറാവ് വളർത്തൽ പദ്ധതി- 16500 ഗുണഭോക്താക്കൾ- ഒരാൾക്ക് 1200/- രൂപ സഹായം; ഒരു യൂണിറ്റിൽ 10 താറാവ്; മൊത്തം 1,65,000 താറാവുകൾ. കന്നുകുട്ടികൾക്ക് ശാസ്ത്രപരിരക്ഷ ഉറപ്പാക്കാൻ തീറ്റ സബ്സിഡി- 4000 കന്നുകുട്ടികൾ; ഒരു കന്നുകുട്ടിക്ക് 12,500/- രൂപ സഹായം. |
| (സി) | മൃഗചികിത്സാ സേവനങ്ങൾ ഇരുപത്തിനാല്ലു മണിക്കൂറും ലഭ്യമാക്കുന്നതിന് മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകൾ വ്യാപകമായി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | 9/08/2020 ലെ സർക്കാർ ഉത്തരവ്(സാധാ) നം. 251/2020 എ.എച്ച്.ഡി പ്രകാരം മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 31 സ്ഥാപനങ്ങൾ വഴി 24 മണിക്കൂർ വെറ്ററിനറി ചികിൽസാ സേവനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 26 സ്ഥാപനങ്ങൾ മുഖേന സേവനം ആരംഭിച്ചു. കൊല്ലം ജില്ലയിൽ നിലവിൽ ടെലി വെറ്ററിനറി യൂണിറ്റ് പ്രവർത്തിക്കുന്നു. റീബിൽഡ് കേരളയുടെ കീഴിൽ ആധുനിക ചികിൽസാ സേവനം ഉറപ്പാക്കുന്ന mobile tele veterinary unit നടപ്പിലാക്കും. എറണാകുളം , കണ്ണൂർ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | സംസ്ഥാനത്ത് ഗുണനിലവാരമുള്ള കാലിത്തീറ്റ സുലഭമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് | (ഡി) | മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന കന്നുകുട്ടി പരിപാലന പദ്ധതിയിൽ തെരഞ്ഞെടുത്ത |

| | | | |
|---|---|---|---|
| | ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | കന്നുകുട്ടികൾക്ക് 6 മുതൽ 30 മാസം വരെ സൗജന്യനിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ഫീഡ്സ്, മിൽമ എന്നിവയുടെ ഫാക്ടറികളിൽ ഉല്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള കാലിത്തീറ്റയാണ് പദ്ധതിയിൽ വിതരണം നടത്തുന്നത്. ക്ഷീരവികസന വകുപ്പുവഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും കറവപ്പശുക്കളുടെ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലും കേരള ഫീഡ്സും മിൽമയും ഉല്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ